ശ്രീ. സി. അച്യുതമേനോൻ : അരിവില കൂടുതൽ നാട്ടുകാരുടെ കൈയിൽനിന്നും വാങ്ങിയ വകയിൽ കിട്ടിയിട്ടുള്ള സംഖ്യയാണു് ഇതെന്നും, അതു് തിരിയെ അരിവാങ്ങിയവക്കു് കൊടുക്കാൻ അസാദ്ധ്യമായതുകൊണ്ടു് ആ സംഖ്യ പൊതുവായ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ ഇതുവരെയും ആ സംഖ്യയൊതൊരു കാര്യത്തിനുവേണ്ടിയും ചെലവാക്കിയിട്ടില്ലെന്നുള്ള വസ്തുത അറിയാമോ ?

ശ്രീ. ഈ. പി. പൗലോസു്: ഇതിനെപ്പറ്റി പല സൊസൈറ്റികളുമായി സെറ്റിൽമെന്റു ഉണ്ടായിട്ടുണ്ടു്. അതിനുവേണ്ടിയുള്ള അനുവാദം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. കൃഷ്ണൻ: മലബാറിലുള്ള എത്ര സൊസൈറ്റികൾക്കു് ഇനി പണം കിട്ടാനുണ്ടു്. ഓരോ സൊസൈറ്റിക്കും കിട്ടാനുള്ളതു് എത്രയാണെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു് : പ്രത്യേകം ചോദ്യം ചോദിക്കണം. എങ്കിലേ ഓരോ സൊസൈറ്റിക്കും കിട്ടേണ്ട സംഖ്യ എത്രയാണെന്നു പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ഒ. കോരൻ: ഇങ്ങനെ കിട്ടുന്ന സംഖ്യകൊണ്ടു് ചേറുവാപാലം കെട്ടുന്നതിനുവേണ്ടി വിനിയോഗിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ആ പണം പൊതുക്കാര്യങ്ങൾക്കു് വേണ്ടി വിനിയോഗിക്കാമെന്നു് നേരത്തെതന്നെ ഗവണ്മെൻറിൽനിന്നും തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രി പറയുകയുണ്ടായി ഇങ്ങനെ കിട്ടുന്ന സംഖ്യ എന്തെങ്കിലും പൊതുക്കാര്യത്തിനുവേണ്ടി വിനിയോഗിക്കുമെന്നു് അങ്ങനെ പൊതുക്കാര്യത്തിനുവേണ്ടി ചെലവാക്കാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും അതിലേക്കാവശ്യമായ എല്ലാ സംഖ്യകളും ഗവണ്മെൻറിന്റെ പക്കൽ കിട്ടിയിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു്: മൈസൂർ ഗവണ്മെൻറു അവരുടെ വീതത്തെ സംബന്ധിച്ചു് അവസാനമായി ഒരു തീരുമാനം എടുത്തിട്ടില്ല. മറ്റു ഗവണ്മെൻറുകളുമായി ഈ ഗവണ്മെൻറു ഇക്കാര്യത്തിലുള്ള അപോർഷ്ൻമെൻറു കഴിഞ്ഞിട്ടുണ്ടു്.

വളം വിതരണം

* 406. [13] ശ്രീ. പി. എസ്സു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തു് വളം വിതരണത്തിനായി എത്ര സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു് ;

(ബി) അതിൽ എത്ര തുക 1963 ഡിസംബർ 31-ാം തീയതി വരെ ചെലവായിട്ടുണ്ടു് ;

(സി) ചേർത്തല താലൂക്കിലെ വളം വിതരണത്തിനു മേൽപ്പറഞ്ഞ കാലഘട്ടത്തിൽ എന്തു തുക ചെലവായിട്ടുണ്ടു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 1,87,76,400 രൂപ.

(ബി) 77,26,602.74 രൂപ

(സി) ഓരോ താലൂക്കിലേയും ചെലവാകുന്ന തുകയുടെ കണക്കു് പ്രത്യേകം സൂക്ഷിക്കുന്ന പതിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: തെങ്ങുകൃഷിക്കു് വളം നൽകുന്നതിനുവേണ്ടി കഴിഞ്ഞവർഷം നീക്കിവച്ച സംഖ്യ മുഴുവനും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നു് അറിയുന്നു. ഈ കൊല്ലം അതിലേയ്ക്കു് വേണ്ടി നീക്കിവച്ച സംഖ്യ മുഴുവനും ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഈ വർഷം നീക്കിവച്ച സംഖ്യ ഈ മാസത്തോടുകൂടി തന്നെ മുഴുവനും ചെലവാക്കാൻ കഴിയുമെന്നാണു് ഇപ്പോഴത്തെ ഗവണ്മെൻറിലേക്കു് ഇതിനെപ്പറ്റി ലഭിച്ചിട്ടുള്ള റിപ്പോർട്ടിൽ കാണുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : വളം വിതരണം പല ഭിക്കുകളിലും നടത്തുന്നതു് സഹകരണസംഘങ്ങളെ മുഖേനയാണു്. അവക്കു് അതിലേയ്ക്കാവശ്യമുള്ള സംഖ്യ സെൻട്രൽ ബാങ്കിൽ നിന്നുമാണു് കിട്ടുന്നതു്. ബാങ്കിൽ നിന്നും പണം എടുത്ത തീയതി മുതലുള്ള പലിശ കൊടുക്കണമെന്നുള്ളതുകൊണ്ടു് സൊസൈറ്റികൾക്കു് വളരെ നഷ്ടം നേരിടുന്നുണ്ടു്. ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാരമാർഗ്ഗം ഗവണ്മെൻറിൽ നിന്നും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇങ്ങനെയുള്ള പല ബുദ്ധിമുട്ടുകളും സൊസൈറ്റികൾക്കുണ്ടാകുന്നുണ്ടു്. അതുകൊണ്ടാണു് സൊസൈറ്റികൾക്കു് രണ്ടര ശതമാനം പലിശവച്ചു കിട്ടുന്നതുകയാറരയും, ഏഴും ശതമാനം വച്ചു് പലിശ അതു് വാങ്ങുന്ന ആളുകൾ കൊടുക്കേണ്ടി വരുന്നതു്. അല്ലാതെ പ്രത്യേകമായി എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

പമ്പാ ഇറിഗേഷൻ സ്കീം.

* 407. [14] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ഇറിഗേഷൻ സ്കീമിൻെറ അനുവാദം ലഭിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പണി എന്നാരംഭിക്കും ;

(സി) ഈ സ്കീമിനു മൊത്തം എത്ര ചെലവാകും ;

(ഡി) എത്ര ഏക്കർ സ്ഥലത്തിനു് ഇതിൻെറ പ്രയോജനം ലഭിക്കും ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) പ്ലാനിംഗ് കമ്മിഷൻെറ അനുവാദത്തോടുകൂടിയാണു് പ്രസ്തുത പദ്ധതി മൂന്നാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയതു്. അതിൻെറ പ്രോജക്ടു് റിപ്പോർട്ടിനു് ക്ലിയറൻസു് ലഭിച്ചിട്ടില്ല.

(ബി) പണി ആരംഭിച്ചുകഴിഞ്ഞു.

(സി) ഉദ്ദേശം 384 ലക്ഷം രൂപ.

(ഡി) ഉദ്ദേശം 33,000 ഏക്കറിനു്.

റൂറൽ വാട്ടർ സപ്ലൈ സ്കീം.

* 408. [15] ശ്രീ. കെ. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വാട്ടർ സപ്ലൈ സ്കീം അനുസരിച്ചു് കോട്ടയം ഡിസ്ട്രിക്ടിൽ 1963–64–ൽ ഏതെല്ലാം സ്ഥലത്തു് ജലവിതരണം നടത്തുവാൻ സാധിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly